# സമ്പത്തും സമൂഹവും മധ്യകാല ഇന്ത്യയിൽ

**Que.1.** കൃഷി വ്യാപിപ്പിക്കുന്നതിനായി 'ദൊവാബ്''പ്രദേശം കർഷകർക്ക് വീതിച്ചു കൊടുത്ത സൽത്തനത്ത് ഭരണാധികാരി ആര്? 'ദൊവാബ് ' പ്രദേശത്തിന്റെ പ്രത്യേകതയെന്ത്?

**Marks : (2)**

**Ans.**

- ബാൽബൻ
- ഗംഗ-യമുന നദികൾക്കിടയിലുള്ള പ്രദേശം

**Que.2.** കാർഷിക പുരോഗതി ലക്ഷ്യമാക്കി ചോളരാജാക്കന്മാർ സ്വീകരിച്ച നടപടികൾ എഴുതുക.

**Marks : (2)**

**Ans.**

- ജലസേചനത്തിനായി കനാലുകൾ നിർമ്മിച്ചു
- ഗ്രാമഭരണം നടത്തിയ സഭകൾക്ക് കീഴിൽ കാർഷിക പുരോഗതി ലക്ഷ്യമിട്ട് പ്രവർത്തിച്ചിരുന്ന സമിതികൾ

**Que.3.** മധ്യകാല ഇന്ത്യയിൽ ജാതിയെ അടിസ്ഥാനമാക്കിയുള്ള ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. സമർത്ഥിക്കുക.

**Marks : (4)**

**Ans.**

- ബ്രാഹ്മണ മേധാവിത്വമുള്ള സമൂഹം
- ജാതികളുടെ എണ്ണത്തിലുള്ള വർധനവ്
- പുതിയ തൊഴിൽ കൂട്ടങ്ങളും പുതിയ ജാതിയും
- ദക്ഷിണേന്ത്യയിലെ ജാതികൾ-ഇടങ്കൈ, വലങ്കൈ - കൈത്തൊഴിൽ മേഖലയിൽ പ്രവർത്തിച്ചവർ ഇടങ്കൈ ജാതികളും കാർഷികമേഖലയിൽ പ്രവർത്തിച്ചവർ വലങ്കൈ ജാതികളും.

**Que.4.** മധ്യകാല ഇന്ത്യൻ സമൂഹത്തിൽ കാർഷിക-കാർഷികേതര മേഖലകളിൽ സ്ത്രീകൾ വഹിച്ച പങ്ക് വിശദമാക്കുക.

**Marks : (4)**

**Ans.**

- വിത്ത് വിതയ്ക്കുന്നതു മുതൽ കൊയ്ത്തുവരെയുള്ള ഓരോ ഘട്ടത്തിലും അവർ പങ്കാളികളായി.
- നൂൽ നൂൽപ്പ്, മൺപാത്ര നിർമ്മാണം, വസ്ത്രാലങ്കാരം എന്നീ രംഗങ്ങളിലും അവർ പ്രവർത്തിച്ചു.
- ഉന്നത സാമൂഹിക, രാഷ്ട്രീയ പദവി അലങ്കരിച്ച നിരവധി സ്ത്രീകൾ അക്കാലത്തുണ്ടായിരുന്നു. സൽത്താന റസിയയും നൂർജഹാനും ഭരണകാര്യങ്ങളിൽ കഴിവ് തെളിയിച്ചവരാണ്.
- ഹുമയൂണിന്റെ സഹോദരി ഗുൽബദാൻ ബീഗം ഷാജഹാന്റെ മകൾ ജഹനാര, ശിവജിയുടെ മാതാവ് ജീജാഭായ് എന്നിവർ വിവിധ പദവികൾ വഹിച്ചിരുന്നു.

**Que.5.** മധ്യകാല ഇന്ത്യൻ സമൂഹത്തിലെ സാമൂഹിക അസമത്വത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

**Marks : (6)**

**Ans.**

- ഉപരിവർഗ്ഗം - രാജാക്കന്മാർ, പ്രഭുക്കന്മാർ

  മധ്യവർഗ്ഗം - ചെറുകിട മാൻസബ്ദാർമാർ, കച്ചവടക്കാർ

  താഴ്ന്ന വിഭാഗം - കൃഷിക്കാർ, കരകൗശലപ്പണിക്കാർ, അടിമകൾ

- സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണം, നികുതിഭാരം അവരുടെ ചുമലിലായിരുന്നു.
- ഖുദ്-കഷ്ത-, പാഹി-കഷ്ത എന്നിങ്ങനെ രണ്ട് വിഭാഗം കർഷകർ.
- സെമിന്ദാർമാരുടെ ചൂഷണം (ദേശ്മുഖ്, പാട്ടീൽ ,നായക്)

**Que.6.** മുകൾകാലഘട്ടത്തിലെ രണ്ട് കർഷക വിഭാഗങ്ങളായ ഖുദ്-കഷ്ത, പാഹി-കഷ്ത എന്നിവ എന്താണെന്ന് വ്യക്തമാക്കുക.

**Marks : (2)**

**Ans.**

ഖുദ് കഷ്ത - സ്വന്തമായി കൃഷിയിടമുള്ളവർ.

കുടുംബത്തോടൊപ്പം കൃഷിചെയ്തു.

ആവശ്യമെങ്കിൽ കൂലിക്കാരെ ഉപയോഗിച്ചു.

പാഹി കഷ്ട - മറ്റുള്ളവരുടെ കൃഷിഭൂമിയിൽ കൃഷിചെയ്യു

**Que.7.** മധ്യകാല ഇന്ത്യയിലെ ഭരണാധികാരികൾ കച്ചവടപുരോഗതിയ്ക്കായി സ്വീകരിച്ച നടപടികൾ ഏവ?

**Marks : (4)**

**Ans.**

- പ്രധാന നഗരങ്ങളെ ബന്ധിപ്പിച്ച് റോഡുകൾ നിർമിച്ചു.
- കച്ചവടക്കാർക്ക് വായ്പ നല്കി.
- സരായികൾ (വിശ്രമ കേന്ദ്രങ്ങൾ) പണിതു.
- ഏകീകൃത നികുതി സമ്പ്രദായം നടപ്പിലാക്കി.
- തപാൽ സംവിധാനം കാര്യക്ഷമമാക്കി.
- കാര്യക്ഷമമായ നാണയ സംവിധാനം നടപ്പിലാക്കി. (തങ്ക, ജിതൽ, റുപി, ഇലാഹി)

**Que.8.** മധ്യകാല ഇന്ത്യയിൽ നഗരങ്ങളുടെയും അവിടുത്തെ ജനസംഖ്യയുടെയും വളർച്ചയെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?

**Marks : (3)**

**Ans.**

- കാർഷിക - വാണിജ്യപുരോഗതി
- സൽത്തനത്ത് കാലത്ത് തുകൽ പണിക്കാർ, പാചകക്കാർ, നെയ്ത്തുകാർ തുടങ്ങിയ വിഭാഗങ്ങളുടെ നഗരങ്ങളിലേയ്ക്കുള്ള കുടിയേറ്റം.
- ഭരണാധികാരികൾ യുദ്ധതടവുകാരായി പിടിച്ച അടിമകളെ നഗരങ്ങളിലേക്ക് കൊണ്ടുവന്നു.

**Que.9.** മധ്യകാല ഇന്ത്യയിലെ രണ്ട് തുറമുഖങ്ങളുടെ പേരെഴുതുക.

**Marks : (2)**

**Ans.**

- കാംബെ
- ഗോവ
- കോഴിക്കോട്
- ബ്രോച്ച്
- നാഗപട്ടണം
- കൊല്ലം
- സൂറത്ത്
- മസൂലിപട്ടണം

(ഏതെങ്കിലും 2 എണ്ണം എഴുതുക. ഓരോ സ്കോർ വീതം)

**Que.10.** മധ്യകാലഘട്ടത്തിൽ ഇന്ത്യയിലെ കരവഴിയുള്ള വാണിജ്യത്തിന് സഹായകരമായ രണ്ട് പ്രധാന പാതകൾ ഏതെല്ലാം?

**Marks : (2)**

**Ans.**

- ലാഹോറിൽ നിന്ന് കാബൂളിലേക്കുള്ള പാത
- മുൾത്താനിൽ നിന്ന് കാണ്ടഹാറിലേക്കുള്ള പാത

**Que.11.** മധ്യകാല ഇന്ത്യയിൽ തൊഴിൽ രംഗത്തുണ്ടായ പുരോഗതിയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

**Marks : (4)**

**Ans.**

- എണ്ണയാട്ടൽ, ശർക്കര നിർമ്മാണം, നെയ്ത്ത്, ചായം മുക്കൽ
- പരവതാനി, കടലാസ്സ് എന്നിവയുടെ നിർമ്മാണം
- ലോഹസംസ്കരണം, ഖനന വ്യവസായം
- ഉപ്പ് നിർമ്മാണം

**Que.12.** ചുവടെ നല്കിയിട്ടുള്ളവയിൽ നിന്നും മധ്യകാല ഇന്ത്യൻ സമൂഹത്തിലെ ഉപരിവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവ തെരഞ്ഞെടുത്തെഴുതുക.

| |
|---|
| **രാജാക്കന്മാർ, കൃഷിക്കാർ, കച്ചവടക്കാർ, ചെറുകിട മാൻസബ്ദാർമാർ, കരകൗശല പണിക്കാർ, അടിമകൾ** |

**Marks : (2)**

**Ans.**

- രാജാക്കന്മാർ
- പ്രഭുക്കന്മാർ

**Que.13.** മധ്യകാല ഇന്ത്യയിലെ രാഷ്ട്രീയ-സാമൂഹിക മേഖലകളിലെ സ്ത്രീപങ്കാളിത്തത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

**Marks : (3)**

**Ans.**

- നിരവധി സ്ത്രീകൾ ഉന്നത സാമൂഹിക രാഷ്ട്രീയപദവി അലങ്കരിച്ചിരുന്നു
- സൽത്തനത്ത്, മുഗൾ, മറാത്ത ഭരണത്തിലും ഇത് പ്രകടമായിരുന്നു.
- സുൽത്താന റസിയ, ജീജാഭായ്, ഗുൽബദാൻബാഗം, ജഹനാര, നൂർജഹാൻ

**Que.14.** മധ്യകാല ഇന്ത്യയിലെ കാർഷിക -കാർഷികേതര മേകലകളിൽ സ്ത്രീകളുടെ പങ്ക് പ്രധാനപ്പെട്ടതായിരുന്നു. സമർത്ഥിക്കുക.

**Marks : (4)**

**Ans.**

- വിത്ത് വിതയ്ക്കുന്നതു മുതൽ കൊയ്യുന്നതുവരെ അവർ പങ്കാളികളായി (കാർഷിക മേഖല)
- നൂൽനൂൽപ്പ്, മൺപാത്രനിർമ്മാണം, വസ്ത്രാലങ്കാരം എന്നീ രംഗങ്ങളിൽ അവർ പ്രവർത്തിച്ചു. (കാർഷികേതര മേഖല)
- ഉന്നത രാഷ്ട്രീയ പദവി അലങ്കരിച്ചിരുന്ന നിരവധി സ്ത്രീകൾ ഉണ്ടായിരുന്നു (സുൽത്താന റസിയ, നൂർജഹാൻ, ജഹനാര, ഗുൽബദാൻ ബീഗം, ജീജാഭായ്)

**Que.15.** തൊഴിൽ കൂട്ടങ്ങളെയും ജാതികളെയും പറ്റി പരാമർശിച്ചിരിക്കുന്ന ബാബറിന്റെ കൃതി ഏത്?

**Marks : (1)**

**Ans.** ബാബർ നാമ

**Que.16.** ഇടങ്കൈ, വലങ്കൈ ജാതികൾ തമ്മിലുള്ള വ്യത്യാസമെന്ത്?

**Marks : (2)**

**Ans.**

- കച്ചവടം, കൈത്തൊഴിൽ മേഖലകളിൽ പ്രവർത്തിച്ചിരുന്നവർ ഇടങ്കൈ ജാതികൾ.
- കാർഷിക മേഖലയിൽ പ്രവർത്തിച്ചിരുന്നവർ വലങ്കൈ ജാതികൾ.

**Que.17.** യൂറോപ്യൻമാരുടെ വരവോടുകൂടി ഇന്ത്യയുടെ വാണിജ്യ രംഗത്തുണ്ടായ പ്രധാനമാറ്റം എന്തായിരുന്നു?

**Marks : (2)**

**Ans.**

- കച്ചവട കുത്തകയ്ക്കുവേണ്ടിയുള്ള മത്സരം
- സാമ്രാജ്യത്വ യുദ്ധങ്ങൾ

**Que.18.** അറബികളെ പിന്തള്ളി ഇന്ത്യയുമായുള്ള കച്ചവടത്തിന്റെ കുത്തക കൈവശപ്പെടുത്താൻ പോർച്ചുഗീസുകാർക്ക് സാധിച്ചത് എങ്ങനെ?

**Marks : (2)**

**Ans.**

- പോർച്ചുഗാസ് നാവികനായ വാസ്കോ-ഡി-ഗാമയുടെ ഇന്ത്യയിലേക്കുള്ള വരവ്.
- 1498 ൽ കോഴിക്കോടിനടുത്തുള്ള കാപ്പാട് അദ്ദേഹം കപ്പലിറങ്ങി.

**Que.19.** മധ്യകാല ഇന്ത്യയിലെ നഗരങ്ങളുടെ വളർച്ച ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തിയത് എങ്ങനെ?

**Marks : (2)**

**Ans.**

- നഗര ജനസംഖ്യയിലുള്ള വർധന ഉല്പന്നങ്ങളുടെ ആവശ്യം കൂടുന്നതിന് ഇടയാക്കി
- ഉല്പാദന കേന്ദ്രങ്ങൾ ഗ്രാമങ്ങളായിരുന്നു

**Que.20.** മധ്യകാല ഇന്ത്യ ലോഹസംസ്കരണരംഗത്ത് എത്രമാത്രം പുരോഗതി നേടിയിരുന്നു? വ്യക്തമാക്കുക

**Marks : (2)**

**Ans.**

- ഇരുമ്പുകൊണ്ടുള്ള ലാടം
- കുതിരയുടെ മുതുകിൽ തൂക്കിയിടുന്ന ഇരുമ്പ് ചവിടുപടി.

**Que.21.** ഇന്ത്യയിലെ സതി അനുഷ്ഠാനം നേരിൽ കണ്ടതായി സഞ്ചാരക്കുറിപ്പുകളിൽ രേഖപ്പെടുത്തിയ ഫ്രഞ്ച് സഞ്ചാരി ആര്?

**Marks : (1)**

**Ans.** ഫ്രാങ്കോയിസ് ബർണയർ

**Que.22.** മധ്യകാല ഇന്ത്യൻ സമൂഹത്തിലെ സ്ത്രീകളുടെ പിന്നാക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ എഴുതുക.

**Marks : (3)**

**Ans.**

- ശൈശവ വിവാഹം
- വിദ്യാഭ്യാസത്തിനുള്ള അവസരം ഇല്ലായ്മ
- പുനർ വിവാഹത്തിനുള്ള നിയന്ത്രണങ്ങൾ

**Que.23.** മധ്യകാല ഇന്ത്യയിൽ അടിമസമ്പ്രദായം നിലനിന്നിരുന്നോ എന്ന് ഇബ്നു ബത്തൂത്തയുടെ സഞ്ചാര കുുറിപ്പുകളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയാറാക്കുക.

**Marks : (4)**

**Ans.**

- മുഹമ്മദ്ബിൻ തുഗ്ലക്കിന് സമ്മാനിക്കാൻ അടിമകളെയും കുതിരകളെയും ഒട്ടകങ്ങളെയും വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.
- അടിമചന്തകൾ
- ആഫ്രിക്കയിൽ നിന്നുള്ള ഇറക്കുമതി.

**Que.24.** ചുവടെ നൽകിയിട്ടുള്ള നാണയങ്ങൾ പ്രചാരത്തിൽ കൊണ്ടുവന്ന ഭരണാധികാരികളുടെ പേരെഴുതുക.

a) ഇലാഹി

b) റുപി

**Marks : (2)**

**Ans.**

a) അക്ബർ

b) ഷേർഷ

**Que.25.** രാജസ്ഥാനിലെ പ്രധാന ഉപ്പ് നിർമ്മാണ കേന്ദ്രം ഏത്?

**Marks : (1)**

**Ans.** സമ്പാർ

**Que.26.** മധ്യകാല ഇന്ത്യയിൽ തുണിനിർമാണ രംഗത്തെ പുരോഗതിയെ സഹായിച്ച പ്രധാന ഘടകം ഏത്? ഏത് രാജ്യത്തുനിന്നാണ് ഇന്ത്യക്കാർ ഈ സാങ്കേതിക വിദ്യ സ്വായത്തമാക്കിയത്?

**Marks : (2)**

**Ans.** a) ചർക്കയുടെ ഉപയോഗം

b) ചൈന

**Que.27.** മധ്യകാലഇന്ത്യയിലെ കാർഷിക പുരോഗതിയെ കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ള കിത്താബുൽ രഹ് ല എന്ന ഗ്രന്ഥം രചിച്ചതാര്?

**Marks : (1)**

**Ans.** ഇബ്നു ബത്തൂത്ത

**Que.28.** മധ്യകാല ഇന്ത്യയിലെ കച്ചവടപുരോഗതിയ്ക്കക്ക് കാര്യക്ഷമമമായ നാണയ സംവിധാനം സഹായകരമായി. സമർത്ഥിക്കുക.

**Marks : (3)**

**Ans.**

- സൽത്തനത്ത് ഭരണകാലത്തുതന്നെ നാണയ വ്യവസ്ഥ നിലനിന്നിരുന്നു.
- ഷേർഷയുടെ റുപി
- അക്ബർ ചക്രവർത്തി - ജലാലി , ഇലാഹി

**Que.29.** മധ്യകാല ഇന്ത്യയിലെ സാമൂഹിക ജീവിതത്തെ സൂചനകങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

സൂചകങ്ങൾ

- സാമൂഹിക ഘടന
- കർഷക വിഭാഗങ്ങൾ
- അടിമസമ്പ്രദായം
- സ്ത്രീകളുടെ പദവി
- ജാതി വ്യവസ്ഥ

**Marks : (6)**

**Ans.**

- സാമൂഹിക ഘടന - ഉപരിവർഗ്ഗം, മധ്യവർഗ്ഗം, താഴ്ന്ന വിഭാഗം

- കർഷക വിഭാഗങ്ങൾ ഖുദ്-കഷ്ഠ, പാഹി കഷ്ഠ
- അടിമസമ്പ്രദായം - അടിമച്ചന്തകൾ, ആഫ്രിക്കയിൽ നിന്ന് കൊണ്ടുവന്ന യുദ്ധത്തടവുകാർ
- സ്ത്രീകളുടെ പദവി - സതി, ശൈശവ വിവാഹം, വിദ്യാഭ്യാസ അവസരങ്ങൾ നഷ്ടമാകുന്നു, തൊഴിലുകളിലും കാർഷിക പ്രവർത്തനങ്ങളിലുമുള്ള പങ്കാളിത്തം, ഉയർന്ന സ്ഥാനം അലങ്കരിച്ച സ്ത്രീകൾ.
- ജാതിവ്യവസ്ഥ – ബ്രാഹ്മണമേധാവിത്വം, പുതിയ തൊഴിൽ കൂട്ടങ്ങൾ, ജാതികൾ, ഇടങ്കൈ, വലങ്കൈ ജാതികൾ.
- നിഗമനങ്ങൾ, സമൂഹത്തിന്റെ പൊതുപിന്നോക്കാവസ്ഥ, ചൂഷണം, അസമത്വം മുതലായവ

**Que.30.** മധ്യകാല ഇന്ത്യൻ സമൂഹത്തിൽ സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനം വിശദീകരിക്കുക

**Marks : (6)**

**Ans.**

- സതി, ശൈശവിവാഹം എന്നിവ രാജ്യത്ത് പലഭാഗത്തും നിലനിന്നിരുന്നു.
- പുനർവിവാഹത്തിന് നിയന്ത്രണം.
- വിദ്യാഭ്യാസ അവസരം നഷ്ടപ്പെട്ടിരുന്നു.
- കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.
- നൂൽനൂല്ല്, മൺപാത്ര നിർമ്മാണം, വസ്ത്രാലങ്കാരം എന്നീ മേഖലകളിൽ പ്രവർത്തിച്ചു.
- ഉന്നത സാമൂഹിക രാഷ്ട്രീയ പദവി അനുഭഴിച്ചിരുന്ന നിരവധി സ്ത്രീകൾ ഉണ്ടായിരുന്നു.
- സുൽത്താന റസിയയും നൂർജഹാനും ഭരണകാര്യങ്ങളിൽ കഴിവ് തെളിയിച്ചവരാണ്.
- ഹുമയൂണിന്റെ സഹോദരി ഗുൽബദാൻ ബീഗം ഷാജഹാന്റെ മകൾ ജഹനാരാ ശിവജിയുടെ മാതാവ് ജീജാഭായ് എന്നിവർ വിവിധ പദവികൾ അലങ്കരിച്ചിരുന്നു.

(ഏതെങ്കിലും 6 എണ്ണം എഴുതുന്നതിന് ഒരു സ്കോർ വീതം)

**Que.31.** മധ്യകാലഘട്ടത്തിൽ കുതിരകളെ കച്ചവടം ചെയ്തിരുന്നവരെ ദക്ഷിണേന്ത്യയിൽ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്.

**Marks : (1)**

**Ans.** കുതിരച്ചെട്ടികൾ

**Que.32.** മധ്യകാലഘട്ടത്തിൽ ഇന്ത്യയിൽ നിന്നുള്ള പ്രധാന കയറ്റുമതി-ഇറക്കുമതി വിഭവങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് എഴുതുക.

**Marks : (4)**

**Ans.**

- പരുത്തി തുണിത്തരങ്ങൾ, നീലം, ഉപ്പ്, പഞ്ചസാര എന്നിവയായിരുന്നു പ്രധാന കയറ്റുമതി വിഭവങ്ങൾ
- ലോഹങ്ങൾ, തുകൽ, വെൽവെറ്റ്, ഉണങ്ങിയ പഴങ്ങൾ ,കുതിരകൾ എന്നിവയായിരുന്നു പ്രധാന ഇറക്കുമതി വിഭവങ്ങൾ

**Que.33.** സൽത്തനത്ത് - മുഗൾ കാലഘട്ടങ്ങളിലെ ജനങ്ങളുടെ പ്രധാന ജീവനോപാധികൾ എന്തെല്ലാമായിരുന്നു?

**Marks : (4)**

**Ans.**

- കൃഷി
- കാർഷിക അധിഷ്ഠിത വ്യവസായങ്ങൾ

  (തുണിനെയ്ത്ത്, ചായമുക്കൽ, എണ്ണയാട്ടൽ, ശർക്കര നിർമാണം മുതലായവ)

- പരവതാനി ,കടലാസ്സ് എന്നിവയുടെ നിർമ്മാണം
- ലോഹസംസ്കരണം, ഖനന വ്യവസായം
- ഉപ്പ് നിർമ്മാണം

**Que.34.** മധ്യകാല ഇന്ത്യയിൽ തുണിനിർമാണരംഗത്തെ പുരോഗതിയെ സഹായിച്ച പ്രധാനഘടകങ്ങൾ എന്തെല്ലാം?

**Marks : (3)**

**Ans.**

- ചർക്കയുടെ ഉപയോഗം
- ചവിട്ടി പ്രവർത്തിപ്പിക്കുന്ന തറി (Loom) യുടെ കണ്ടുപിടിത്തം
- പട്ടുനൂൽ പുഴുക്കളിൽ നിന്ന് നൂൽ ഉണ്ടാക്കുന്ന സാങ്കേതിക വിദ്യ

**Que.35.** മധ്യകാല ഇന്ത്യയിലെ കാർഷിക പുരോഗതിയെ ത്വരിതപ്പെടുത്തിയ ഉപകരണങ്ങൾ എന്തെല്ലാം?

**Marks : (3)**

**Ans.**

- ജലസേചനത്തിനായുള്ള പേർഷ്യൻചക്രം
- ഇരുമ്പ് കൊഴു ഘടിപ്പിച്ച ഭാരം കുറഞ്ഞ കലപ്പ
- വിത്ത് വിതയ്ക്കാനുള്ള ഡ്രിൽ എന്ന ഉപകരണം

**Que.36.** ആഗ്രയിലെ 39 ഇനം കാർഷിക വിളകളെ കുറിച്ച് പരാമർശിക്കുന്ന അബുൽ ഫസലിന്റെ കൃതി ഏത്?

**Marks : (1)**

**Ans.** ഐൻ-ഇ-അക്ബരി

**Que.37.** സൽത്തനത്ത് ഭരണകാലത്ത് കാർഷിക പുരോഗതി ലക്ഷ്യമാക്കി ഭരണാധികാരികൾ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

**Marks : (3)**

**Ans.**

- ബാൽബൻ 'ദൊവാബ് ' പ്രദേശം കർഷകർക്ക് വീതിച്ചു നൽകി.
- ഫിറോസ്ഷാ തുഗ്ലക് ജലസേചനത്തിനായി കിണറുകൾ നിർമിക്കാൻ കർഷകർക്ക് മുൻകൂറായി പണം നൽകി.
- കനാലുകൾ നിർമ്മിച്ചു

    (ഓരോ സ്കോർ വീതം)

**Que.38.** മധ്യകാല ഇന്ത്യയിൽ കച്ചവടത്തിലേർപ്പെട്ട ചില വിഭാഗങ്ങളാണ് ചുവടെ കൊടുത്തിട്ടുള്ളത്. അവയിൽ നിന്നു തീരദേശവാണിജ്യത്തിൽ ഏർപ്പെട്ടവരെയും കര വഴിയുള്ള വാണിജ്യത്തിൽ ഏർപ്പെട്ടിരുന്നവരെയും കണ്ടെത്തി പട്ടികപ്പെടുത്തുക.

മാർവാടികൾ, മുൾത്താനികൾ, ഗുജറാത്തികൾ, ഖുറാസാനികൾ

**Marks : (2)**

**Ans.**

| കരവഴിയുള്ള വാണിജ്യം | തീരദേശവാണിജ്യം |
|---|---|
| മുൾത്താനികൾ<br>ഖുറാസാനികൾ | മാർവടികൾ<br>ഗുജറാത്തികൾ |

**Que.39.** മധ്യകാല ഇന്ത്യയിലെ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗങ്ങൾ ഏവ?

**Marks : (3)**

**Ans.**

- കൃഷി
- തുണിനെയ്ത്ത്
- ചായം മുക്കൽ,
- എണ്ണയാട്ടൽ
- ശർക്കര നിർമ്മാണം

**Que.40.** ചുവടെ നൽകിയിട്ടുള്ളവയിൽ നിന്നും മധ്യകാല ഇന്ത്യൻ സമൂഹത്തിലെ താഴ്ന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവ കണ്ടെത്തി എഴുതുക

| |
|---|
| **കച്ചവടക്കാർ, പ്രഭുക്കന്മാർ, ചെറുകിട മാൻസബ്ദാർമാർ, കരകൗശല പണിക്കാർ, അടിമകൾ** |

.

**Marks : (2)**

**Ans.** കരകൗശല പണിക്കാർ, അടിമകൾ

**Que.41.** ചുവടെ നൽകിയിട്ടുള്ളവയിൽ നിന്നും മധ്യകാല ഇന്ത്യൻ സമൂഹത്തിലെ മധ്യവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നവയെ തെരഞ്ഞെടുത്ത് എഴുതുക.

(കൃഷിക്കാർ, കച്ചവടക്കാർ, പ്രഭുക്കന്മാർ, ചെറുകിട മാൻസബ്ദാർമാർ, കരകൗശല പണിക്കാർ, അടിമകൾ)

**Marks : (2)**

**Ans.** ചെറുകിട മാൻസബ്ദാർമാർ, കച്ചവടക്കാർ